ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്
തൃശ്ശൂർ ഡിവിഷൻ
അയ്യന്തോൾ- 680 003
ഫോൺ നം: 0487-2361268
ഇമെയിൽ: dfo-tsr.for@kerala.gov.in

KFDDO/39893/2026-DFOTSR/TA6 തിയ്യതി: 09.07.2026

## കേരള വനം വകുപ്പ്
## തൃശൂർ ഡിവിഷൻ
## ഇ- ദർഘാസ് പരസ്യം

തൃശൂർ ഡിവിഷനിലെ താഴെ കൊടുത്തിട്ടുള്ള പട്ടികയിൽ പറയുന്ന ജോലികൾ ചെയ്യുന്നതിന്/സാമഗ്രികൾ വിതരണം ചെയ്യുന്നതിന് കേരള പൊതുമരാമത്ത് വകുപ്പിൽ/വനം വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള യോഗ്യരായ കോൺട്രാക്ടർമാരിൽ നിന്നും കേരള ഗവർണ്ണർക്കുവേണ്ടി തൃശൂർ ഡിവിഷണൽ ഫോറസ്റ്റാഫീസർ ദർഘാസുകൾ Online ആയി ക്ഷണിക്കുന്നു.

ദർഘാസുകാർ വനംവകുപ്പിൽ നിലവിലുള്ളതും സർക്കാർ ഭാവിയിൽ പ്രാബല്യത്തിൽ കൊണ്ടു വരുന്നതുമായ എല്ലാ നിബന്ധനകളും വ്യവസ്ഥകളും ഇതര വ്യവസ്ഥകളും പാലിക്കുവാൻ ബാദ്ധ്യസ്ഥരാണ്. ദർഘാസ് പ്രമാണങ്ങളും ദർഘാസ് ഷെഡ്യൂളുകളും www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ് ദർഘാസിനോടൊപ്പം സമർപ്പിക്കുന്നതിനുള്ള നിരതദ്രവ്യം, ദർഘാസ് പ്രമാണവില എന്നിവ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഇൻറർനെറ്റ് ഓൺലൈൻ ബാങ്കിംഗ് വഴിയോ മറ്റു ബാങ്കുകളുടെ കാര്യത്തിൽ NEFT വഴിയോ ഇ-ടെൻഡറിനോടൊപ്പം സമർപ്പി ക്കേണ്ടതാണ്. NEFT വഴി ഇ-പെയ്മെൻറ് നടത്തുന്ന ദർഘാസുകാർ ദർഘാസ് സമർപ്പി ക്കുന്നതിന് മുൻപ് കുറഞ്ഞത് 72 മണിക്കൂർ മുൻപെങ്കിലും ടെൻഡർ ഫോറത്തിൻറ വിലയും ഇ.എം.ഡി.യും e-procurement system-മുഖേന എത്തിച്ചേർന്നതായി ഉറപ്പു വരുത്തേണ്ടതാണ്.

എല്ലാ ടെണ്ടർ പ്രമാണങ്ങളും www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ കാണിച്ചിരിക്കുന്ന ഓൺലൈൻ കവറുകളിൽ ഓൺലൈനായി മാത്രമെ സ്വീകരി ക്കുകയുള്ളൂ. നേരിട്ടോ തപാൽ മാർഗ്ഗമോ ലഭിക്കുന്ന ദർഘാസുകൾ ഒരു കാരണ വശാലും സ്വീകരിക്കുന്നതല്ല നിശ്ചിത സമയപരിധിക്കുശേഷം ലഭിക്കുന്ന ടെണ്ടറുകളും സ്വീകരിക്കുന്നതല്ല.

ദർഘാസിനെ സംബന്ധിച്ച വിവരങ്ങൾ താഴെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നമ്പർ | ദർഘാസ് നമ്പർ | പ്രവൃത്തിയുടെ പേര് | ദർഘാസ് തുക | ബി.ഒ.ക്യൂ( ജി.എസ്.റ്റി, LS ഇനങ്ങൾ ഒഴികെ) | നിരത ദ്രവ്യം (രൂപ) | ദർഘാസ് പ്രമാണത്തിൻറെ വില(രൂപ) | ജോലിയുടെ കാലാവധി (ദിവസം) |
|---|---|---|---|---|---|---|---|
| 1 | 14/2026-27 | പട്ടിക്കാട് റേഞ്ചിനു കീഴിലുള്ള മാന്നാമംഗലം ഫോറസ്റ്റ് സ്റ്റേഷന്റെ പരിധിയിലുള്ള പാലക്കുന്നു മുതൽ വളുർ വരെ 12 km ദൂരം 2 വരി ചെയ്യുന്നതിനായി സോളാർ ഫെൻസിങ് ഉപകരണങ്ങൾ വിതരണം ചെയ്യുന്ന പ്രവർത്തി 2026-27 | 1035691 | 877704 | 25892 | 2500+18 %GST | 1 മാസം |

ദർഘാസ് പ്രമാണങ്ങൾ ***www.etenders.kerala.gov.in*** എന്ന വെബ് സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്.

ടെണ്ടർ ഫോറം വെബ്സൈറ്റിൽ ലഭ്യമാകുന്ന തിയതി : 09.07.2026

ടെണ്ടർ വെബ്സൈറ്റിൽ സമർപ്പിക്കേണ്ട അവസാന തിയതിയും, സമയവും : 17.07.2026 വൈകീട്ട് 4 മണി വരെ

ടെണ്ടർ തുറക്കുന്ന തിയതിയും, സമയവും : .20.07.2026 രാവിലെ 11 മണി.

മേൽ തീയ്യതിയിൽ ടി ദർഘാസ് നടക്കാതെ വരികയോ ആരും പങ്കെടുത്തില്ലെങ്കിലോ, മേൽ വിവരിച്ച നിബന്ധനകൾക്ക് വിധേയമായി താഴെ പറയുന്ന തീയ്യതികളിൽ താഴെപറയുന്ന സമയത്ത് തന്നെ വീണ്ടും പ്രസ്തുത ദർഘാസ്/ലേലം നടത്തപ്പെടുന്നതായിരിക്കും..

ടെണ്ടർ വെബ്സൈറ്റിൽ സമർപ്പിക്കേണ്ട അവസാന തിയതിയും, സമയവും : 21.07.2026 വൈകീട്ട് 4 മണി വരെ

ടെണ്ടർ തുറക്കുന്ന തിയതിയും, സമയവും : 23.07.2026 രാവിലെ 11 മണി

| | | |
|---|---|---|
| ടെണ്ടർ വെബ്സൈറ്റിൽ സമർപ്പിക്കേണ്ട അവസാന തിയതിയും, സമയവും | : | 23.07.2026 വൈകീട്ട് 4 മണി വരെ |
| ടെണ്ടർ തുറക്കുന്ന തിയതിയും, സമയവും | : | 25.07.2026 രാവിലെ 11 മണി |

ഇ-ദർഘാസിനോടൊപ്പം കേരള സർക്കാരിന്റെ, 200/- രൂപ മുദ്രപത്രത്തിൽ തയ്യാറാക്കി ഒപ്പിട്ട പ്രിലിമിനറി എഗ്രിമെൻറ്, പാൻ കാർഡ്, ജി.എസ്.ടി. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഇ-പേയ്മെന്റ് ഫോം, ഗസറ്റഡ് ഓഫിസർ സാക്ഷ്യപ്പെടുത്തിയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ്, ടെൻഡർ ഡോക്കുമെൻറ് എന്നിവ ഓൺ ലൈനായി സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം സമർപ്പിക്കാത്തതും അവയുടെ ഒറിജിനൽ ടെണ്ടർ തുറക്കുന്നതിനു മുൻപ് സ്പീഡ്പോസ്റ്റ് രജിസ്റ്റേർഡ് പോസ്റ്റ് വഴി സമർപ്പിക്കാത്തതുമായ ദർഘാസുകൾ നിരസിക്കപ്പെടുന്നതാണ്. ഇ-ടെണ്ടറുമായി ബന്ധപ്പെട്ട മറ്റു വിവരങ്ങൾ **NIC**-ൽ നിന്നോ, **www.etenders.kerala.gov.in** എന്ന വെബ് സൈറ്റിൽ പറഞ്ഞിരിക്കുന്ന **e-tenders help desk** -ൽ നിന്നോ ഈ ഓഫീസിൽ നിന്നോ ഓഫിസ് സമയത്ത് അറിയാവുന്നതാണ്. ഇ-പേയ്മെൻറിന് ആവശ്യമായ വിവരങ്ങൾ (കരാറുകാരൻ ഇടപാടു നടത്തുന്ന കോർബാങ്കിംഗ് സൗകര്യമുള്ള ബാങ്ക് അക്കൗണ്ടിന്റെ വിശദവിവരങ്ങളും, ഇ-മെയിൽ അഡ്രസ്സും) ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഈ വിവരങ്ങൾ ഉൾപ്പെടുത്താത്ത ദർഘാസുകൾ നിരസിക്കുന്നതാണ്. കരാറുകാരൻ വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിനും മറ്റുമുണ്ടാകുന്ന അസൗകര്യങ്ങൾക്കും നഷ്ടത്തിനും വനംവകുപ്പ് ഉത്തരവാദി ആയിരിക്കുന്നതല്ല.

നിലവിലുള്ള എല്ലാ ലേല വ്യവസ്ഥകളും **PWD** ദർഘാസ് വ്യവസ്ഥകളും ഇ-ടെൻഡറിനും ബാധകമായിരിക്കും പ്രസ്തുത ദർഘാസിലെ ഏതൊരു പ്രവൃത്തിയും മുന്നറിയിപ്പു കൂടാതെ റദ്ദു ചെയ്യുന്നതിനുള്ള പൂർണ്ണ അധികാരം താഴെ ഒപ്പിട്ടിരിക്കുന്ന അധികാരിയിലും മേലധികാരിയിലും നിക്ഷിപ്തമായിട്ടുള്ളതാകുന്നു. വിജയിയാകുന്ന ദർഘാസുകാരൻ കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിലുള്ള തുകയ്ക്കുള്ള മുദ്രപത്രത്തിൽ ദർഘാസ് അംഗീകരിച്ച അറിയിപ്പു തിയതി മുതൽ 7 ദിവസത്തിനുള്ളിൽ കരാർ തുകയുടെ 5 ശതമാനം തുകയ്ക്കുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ് സഹിതം കരാർ ഒപ്പ് വയ്ക്കേണ്ടതാണ്. ടെണ്ടർ തിയതി ഏതെങ്കിലും കാരണവശാൽ അവധിയായി പ്രഖ്യാപിക്കുന്ന പക്ഷം തൊട്ടടുത്ത പ്രവൃത്തി ദിവസം അതേ സമയത്തും അതേ സ്ഥലത്തും ടെണ്ടർ നടത്തുന്നതാണ്.

## നിബന്ധനകൾ

1) ജി. ഒ. (എം.എസ്സ്) 141/2021/F&WLD തിയതി 06.05.2021 എന്ന സർക്കാർ ഉത്തരവിലെ എല്ലാ വ്യവസ്ഥകൾക്കും വനം വകുപ്പിൽ നിലവിലുള്ള ദർഘാസ് സംബന്ധിച്ച ഉത്തരവുകളിലെ വ്യവസ്ഥകൾക്കും കേരള ഫോറസ്റ്റ് ആക്ട് 1961, വന്യജീവി സംരക്ഷണ നിയമം 1972-ലെ വ്യവസ്ഥകൾക്കും ദർഘാസുകാരൻ വിധേയ നായിരിക്കുന്നതാണ്.

2) തൃശൂർ ഡിവിഷണൽ ഫോറസ്റ്റാഫീസറോ, അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ഹാജരായിട്ടുള്ള ദർഘാസുകാരുടേയോ, അവർ ചുമതലപ്പെടുത്തിയിട്ടുള്ള പ്രതിനിധികളുടേയോ സാന്നിദ്ധ്യത്തിൽ ടെണ്ടർ തുറക്കുന്നതായിരിക്കും.

3) ഒരു വ്യക്തിയുടെ പേരിൽ നൽകിയിട്ടുള്ള ദർഘാസ് ഫോറം ആ വ്യക്തിക്കു മാത്രവും ടെണ്ടർ ഫോറത്തോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള ജോലിക്കു മാത്രമെ ഉപയോഗിക്കുവാൻ പാടുള്ളൂ.

4) ടെണ്ടർ സമർപ്പിക്കുന്നതിനു മുൻപായി ഒപ്പിടേണ്ട എഗ്രിമെന്റിലെ വ്യവസ്ഥകൾ എഗ്രിമെന്റിന്റെ കരട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ നിന്നും ലഭ്യമാകുന്നതാണ്. ദർഘാസ് വ്യവസ്ഥകളും മനസ്സിലാക്കിയിരിക്കേണ്ടതാണ്. പൂരിപ്പിച്ച ദർഘാസ് സമർപ്പിച്ചശേഷം എഗ്രിമെന്റ് വ്യവസ്ഥകൾ മനസ്സിലാക്കിയിരുന്നില്ല എന്ന വാദമോ വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും പരാതികളോ പരിഗണിക്കുന്നതല്ല.

5) ദർഘാസ് സമർപ്പിക്കുന്നതിനു മുൻപായി ജോലി നടത്തേണ്ട/സാമഗ്രികൾ എത്തിയ്ക്കേണ്ടുന്ന സ്ഥലവും, ജോലിയുടെ സ്വഭാവവും പരിശോധിച്ച് മനസ്സിലാക്കുകയും ആയതനുസരിച്ച് നിരക്ക് രേഖപ്പെടുത്തേണ്ടതുമാണ്. അതിനുശേഷം ഒരു കാരണവശാലും നിരക്ക് വർദ്ധിപ്പിക്കുന്നതല്ല.

6) ദർഘാസിൽ പങ്കെടുക്കുന്ന ആൾ ദർഘാസ് ഷെഡ്യൂളിൽ പറയുന്ന മതിപ്പ് കരാർ തുകയുടെ ഇത്ര ശതമാനം എന്ന് ദർഘാസ് ഫോറത്തിലെ പ്രസ് കോളത്തിൽ അക്കത്തിലും അക്ഷരത്തിലും രേഖപ്പെടുത്തേണ്ടതാണ്. അക്കത്തിലും അക്ഷരത്തിലും വ്യത്യസ്ത നിരക്കുകളാണ് രേഖപ്പെടുത്തുന്നതെങ്കിൽ അതിൽ കുറഞ്ഞ നിരക്ക് പ്രാബല്യത്തിലുള്ളതായി പരിഗണിക്കുന്നതായിരിക്കും. ആയത് അംഗീകരിക്കാൻ ദർഘാസുകാരൻ ബാദ്ധ്യസ്ഥനാണ്. ദർഘാസ് ഫോറത്തിൽ രേഖപ്പെടുത്തിയിട്ടുള്ള നിരക്ക്, ജോലി പൂർത്തിയാക്കാൻ കഴിയുന്നതിലും വളരെ കുറവാണെന്ന് വനം വകുപ്പ് കാണുന്ന പക്ഷം ആയത് സംബന്ധിച്ച് ദർഘാസുകാരനിൽ നിന്നും തൃപ്തികരമായ വിശദീകരണം നൽകാൻ ആവശ്യപ്പെടുന്നതുമാണ്. ക്വാട്ട് ചെയ്ത നിരക്ക് ടെൻഡർ തുകയേക്കാൾ %25കുറവാണെങ്കിൽ, ടെൻഡറിൽ വിജയിച്ച ആൾ അഡീഷണൽ പെർഫോമൻസ് ഗ്യാരണ്ടിയായി കരാർ തുകയുടെ %10നിക്ഷേപിക്കണം. കരാർ ജോലി വിജയകരമായി പൂർത്തിയാക്കിയതിനുശേഷം റേഞ്ച് ഫോറസ്റ്റ് ഓഫീസറുടെ റാങ്കിൽ താഴെയല്ലാത്ത ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്ന് ബാധ്യതാരഹിത സർട്ടിഫിക്കറ്റ് ഹാജരാക്കിയതിനുശേഷം മാത്രമേ ഈ സെക്യൂരിറ്റി നിക്ഷേപം വിട്ടുനൽകുകയുള്ളൂ .വിശദീകരണം തൃപ്തികരമല്ല എന്നു കാണുന്ന

പക്ഷം അഥവാ വിശദീകരണം നൽകിയിട്ടില്ലായെങ്കിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് നിരസിക്കുന്നതിനുള്ള അധികാരം വനം വകുപ്പിൽ നിക്ഷിപ്തമാണ്.

7. നിശ്ചിത തീയതിക്കും സമയത്തും ലഭിക്കാത്ത അപേക്ഷകളും ആവശ്യമായ രേഖകൾ ഉൾപ്പെടുത്താത്തതോ നിശ്ചിത ഫോറത്തിലും നിശ്ചിത ക്രമത്തിലും എഴുതാത്തതോ ആയ ദർഘാസുകൾ പരിഗണിക്കുന്നതല്ല.

8. ദർഘാസിൽ എന്തെങ്കിലും തിരുത്തലുകൾ വരുത്തിയിട്ടുണ്ടെങ്കിൽ ആയത് ദർഘാസുകാരൻ തന്നെ ഇനിഷ്യൽ ചെയ്തിരിക്കേണ്ടതാണ്.

9. ലഭിച്ചിട്ടുള്ള ദർഘാസുകൾ ഒന്നാം ഭാഗം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ അദ്ദേഹത്തിന്റെ ഓഫീസിൽ വച്ച് ഹാജരായിട്ടുള്ള ദർഘാസുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്.

10. രണ്ടാം ഭാഗം **(Price bid)** തുറക്കുന്ന സമയം പിന്നീട് പ്രഖ്യാപിക്കുന്നതാണ്. ടെണ്ടറിന്റെ ഒന്നാം ഭാഗം തുറന്നാലുടൻ തന്നെ രണ്ടാം ഭാഗം തുറക്കുന്ന സമയം അറിയിക്കുന്നതാണ്.

11. സാധാരണഗതിയിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിട്ടുള്ള ദർഘാസ് സ്വീകരിക്കുന്നതായിരിക്കും. പക്ഷേ തീരുമാനമെടുക്കാൻ അധികാരമുള്ള ഉദ്യോഗസ്ഥന് ഒരു കാരണവും പറയാതെ തന്നെ ദർഘാസ് സ്വീകരിക്കുവാനോ നിരസിക്കുവാനോ അധികാരം ഉണ്ടായിരിക്കും. മുൻ കാലങ്ങളിൽ സമയബന്ധിതമായി ജോലി തീർക്കാത്തതോ/ക്വാളിറ്റി കുറഞ്ഞ വസ്തുക്കൾ ഉപയോഗിച്ചോ സർക്കാരിന് സാമ്പത്തിക നഷ്ടം വരുത്തിയിട്ടുള്ള കരാറുകാർ കുറഞ്ഞ തുക രേഖപ്പെടുത്തിയാൽകൂടി ആയത് നിരസിക്കാനുള്ള അധികാരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് ഉണ്ടായിരിക്കുന്നതാണ്.

12. ദർഘാസ് തുക രേഖപ്പെടുത്തിയിട്ടുള്ള ദർഘാസ് തുറന്ന് മൂന്ന് മാസത്തിനകം ഓഫർ പിൻവലിക്കുവാൻ ദർഘാസുകാരെ അനുവദിക്കുന്നതല്ല.

13. സമാനമായ ഫെൻസിങ് പ്രവൃത്തികൾ മുൻപ് ഏറ്റെടുക്കുകയും, യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതെ സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാക്കുകയും ചെയ്ത സ്ഥാപനം/ വ്യക്തികൾ സമർപ്പിക്കുന്ന ദർഘാസ് (കുറഞ്ഞ നിരക്കാണ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ കൂടി), നിരസിക്കുന്നതിന് DFOയ്ക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

14. വിജയിയാകുന്ന ദർഘാസുകാരൻ കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിലുള്ള തുകയ്ക്കുള്ള മുദ്രപത്രത്തിൽ ദർഘാസ് അംഗീകരിച്ച് അറിയിപ്പു തിയതി മുതൽ 7 ദിവസത്തിനുള്ളിൽ കരാർ തുകയുടെ 5 ശതമാനം തുകയ്ക്കുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ് സഹിതം കരാർ ഒപ്പ് വയ്ക്കേണ്ടതാണ്. ദർഘാസു കാരൻ ഉടമ്പടി ഒപ്പു വയ്ക്കുന്നതിൽ പരാജയപ്പെട്ടാൽ ദർഘാസ് റദ്ദാക്കുന്നതും ടിയാൻ കെട്ടിവച്ചിട്ടുള്ള നിരതദ്രവ്യം വനം വകുപ്പിലേയ്ക്ക് കണ്ടുകെട്ടുന്നതുമാണ്. തുടർന്ന് ജോലികൾ ടിയാന്റെ

നഷ്ടോത്തരവാദിത്വത്തിൽ തൊട്ടടുത്ത നിരക്ക് രേഖപ്പെടുത്തിയിട്ടുള്ള ആളിനെക്കൊണ്ട് ചെയ്യിക്കുന്നതുൾപ്പെടെയുള്ള മറ്റ് മാർഗ്ഗങ്ങളിൽ കൂടി നടത്തുന്നതാണ്. ഇതിൽ വച്ച് സർക്കാരിന് എന്തെങ്കിലും നഷ്ടം ഉണ്ടാകുന്ന പക്ഷം ആയത് ആദ്യ ദർഘാസുകാരൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അനുവദിക്കുന്ന ന്യായമായ സമയത്തിനുള്ളിൽ ഒടുക്കിയില്ലായെങ്കിൽ ആയത് പൊതുമുതലിനുള്ള കുടിശ്ശികയായി കണക്കാക്കുന്നതും ആയത് 1968-ലെ കേരള റവന്യൂ റിക്കവറി ആക്ടിലെ വ്യവസ്ഥകൾ പ്രകാരമോ, സർക്കാരിന് യുക്തമെന്ന് തോന്നുന്ന മാർഗ്ഗങ്ങളിലൂടെയോ ഈടാക്കുന്നതാണ്. സർക്കാരിന് എന്തെങ്കിലും നേട്ടമുണ്ടാകുന്നപക്ഷം വീഴ്ചക്കാരന് യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല.

15. ജോലി പൂർത്തിയാക്കി, ബന്ധപ്പെട്ട ഓഫീസറിൽ നിന്നും ലഭ്യമാകുന്ന ബാദ്ധ്യതാരഹിത സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് മാത്രമേ സെക്യൂരിറ്റി വിടുതൽ ചെയ്യുകയുള്ളു. ആയതിന് കാലാകാലങ്ങളിലെ ബാധ്യത സംബന്ധിച്ച സർക്കാർ ഉത്തരവുകൾ ബാധകമാണ്. G.O(P) No.161/2019/Fin dated 25.11.2019.

16. വിജയിയാകുന്ന ദർഘാസുകാരൻ ഉടമ്പടി ഒപ്പു വയ്ക്കുന്ന സമയത്ത് സോൾവൻസി സർട്ടിഫിക്കറ്റിൽ ഉൾപ്പെട്ടിട്ടുള്ള വസ്തുവകകൾ വിൽക്കുകയോ, പണയം വയ്ക്കുകയോ, കൈമാറ്റം ചെയ്യുകമോ ചെയ്യില്ലെന്ന് ഒരു സമ്മതപത്രം നൽകേണ്ടതാണ്.

17. ദർഘാസ് ലഭിച്ചതിനുശേഷം ഒരു ജോലിയെ സംബന്ധിക്കുന്ന പോസ്റ്റ് ഓഫറുകളോ, പരാതികളോ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല

18. ദർഘാസിൽ പങ്കെടുത്തിട്ടുള്ള വിജയികളാകാത്ത ദർഘാസുകാരുടെ നിരതദ്രവ്യം ടെണ്ടർ നടപടികൾ അവസാനിക്കുന്ന മുറയ്ക്ക് തിരികെ നൽകുന്നതാണ്.

19.ദർഘാസിനോടൊപ്പമുള്ള ഷെഡ്യൂളിൽ പറയുന്ന അളവുകൾ/എണ്ണം ഏകദേശമായിരിക്കും. ജോലികൾ ചെയ്തു വരുമ്പോൾ അളവുകളിൽ വ്യത്യാസം വരാവുന്നതാണ്.

20. ജോലി പൂർത്തിയാക്കി നിശ്ചിത ഫോറത്തിലുള്ള ബില്ല് തയ്യാറാക്കി സമർപ്പിക്കുന്ന മുറയ്ക്ക് ജോലി നിർവ്വഹണം തൃപ്തികരമെങ്കിൽ തവണകളായി ബിൽ തുക മാറി നൽകുന്നതാണ്. തുക നൽകുന്നത് ക്രോസ് ചെയ്ത ചെക്കായോ ഇ-പെയ്മെന്റ് ആയോ മാത്രമായിരിക്കും. അംഗീകരിച്ച അടങ്കൽ പ്രകാരമുള്ള ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമാണ് ബിൽ തുക അനുവദിക്കുക. കരാറുകാരൻ കൈപറ്റുന്ന തുകയുടെ GST Invoice സമർപ്പിക്കേണ്ടതാണ്.

21. ജോലി തൃപ്തികരമല്ലെങ്കിൽ, ജോലി തൃപ്തികരമായി പൂർത്തിയാകുന്നതുവരെ പേയ്മെന്റുകൾ/ ബില്ലുകൾ ഭാഗികമായോ പൂർണമായോ നിലനിർത്തുന്നതാണ്.

22. ദർഘാസ് ഷെഡ്യൂളിൽ കാണിച്ചിരിക്കുന്ന ജോലികളുടെ അളവിൽ സ്ഥലത്തിന്റെ പ്രത്യേകത അനുസരിച്ച് കുറവ് വരുത്താനോ ജോലി ക്യാൻസൽ ചെയ്യാനോ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് അധികാരമുണ്ടായിരിക്കും. ആയത് വിജയിയായ ദർഘാസുകാരന് ബാധകമായിരിക്കും. ദർഘാസ് ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഏ

തെങ്കിലും ഐറ്റങ്ങൾ വ്യക്തമായ കാരണങ്ങളാൽ ഉൾപ്പെടുത്തേണ്ടതുണ്ടെങ്കിൽ അ ജോലി ചെയ്യുന്നതിന് വിജയിയായ ദർഘാസുകാരൻ ബാദ്ധ്യസ്ഥനായിരിക്കും. ആയതിന് നിലവിലുള്ള ഷെഡ്യൂൾ റേറ്റ് പ്രകാരം കോട്ട് ചെയ്ത നിരക്ക് പ്രകാരം തുക മാറി നൽകുന്നതായിരിക്കും.

23. കോൺട്രാക്ടർ വാഗ്ദാനം ചെയ്തിട്ടുള്ള ടെണ്ടറുകൾ നടപ്പിലാക്കുന്നത് പ്രായോഗികമല്ലെന്ന് ബോധ്യപ്പെട്ടാൽ കോൺട്രാക്ട് സിസ്റ്റം അല്ലാത്ത മറ്റ് മാർഗ്ഗങ്ങളിലൂടെ നടപ്പിലാക്കുന്നതിനുള്ള അവകാശം കേരള വനം വകുപ്പിൽ നിക്ഷിപ്തമായിരിക്കും.

24. ദർഘാസ് നടത്തുന്ന സമയത്ത് നിലവിലുള്ള എല്ലാ നികുതികളും ഈ ദർഘാസിനും ബാധകമായിരിക്കും.

25. ഓൺലൈൻ ടെണ്ടറിനോടൊപ്പം സമർപ്പിക്കുന്ന ടെണ്ടർ ഡോക്യൂമെൻറിലെ എല്ലാ നിബന്ധനകളും കർശനമായി പാലിക്കേണ്ടതാണ്.

26.സോളാർ പവർ ഫെൻസിംഗുമായി ബന്ധപ്പെട്ട ജോലികൾ നടത്തുന്നതിന്/ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് ആവശ്യമായ പ്രവർത്തി പരിചയം തെളിയിക്കുന്ന (മൂന്ന് വർഷമോ അതിൽ കൂടുതലോ ഉള്ളതിന് മുൻഗണന) രേഖകൾ ടെൻഡർ വയ്ക്കുന്ന സ്ഥാപനം ഹാജരാക്കേണ്ടതാണ്.

27.ടെൻഡർ സമർപ്പിക്കുന്ന സ്ഥാപനത്തിന് ISO 9001 Certificate ഉണ്ടായിരിക്കേണ്ടതാണ്.

28. ടെൻഡർ വയ്ക്കുന്ന സ്ഥാപനം നിയമപ്രകാരമുള്ള Postal Installation/Replacement സേവനങ്ങൾ നൽകുമെന്ന് ഉറപ്പുവരുത്തുന്നതിന് ടെക്നിക്കൽ സ്റ്റാഫ് ഉണ്ടായിരിക്കേണ്ടതാണ്. പ്രസ്തുത സ്റ്റാഫ് പരാതികൾ തീർപ്പാക്കുന്നതിന് സമയബന്ധിതമായ സേവനം ലഭ്യമാക്കേണ്ടതാണ്.

29. മേൽ പറഞ്ഞ യോഗ്യതകൾ/മാനദണ്ഡങ്ങൾ ഉണ്ടെന്ന് തെളിയിക്കുന്ന രേഖകൾ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.

30. വിതരണം ചെയ്യുന്ന Energizer താഴെ പറയുന്ന ഗുണമേന്മ ഉള്ളതായിരിക്കണം.

(a). From a Reputed Company (b) Must confirm to BIS standard 302-2-76 and all national and international standards of safety (c). Switch to high and low power setting (d). Solar panel option to recharge 12 volt battery (e). Should possess the following output characters (i).Peak o/p voltage not more than 10 kv on 50 k load (ii). O/o energy 3.5 J minimum (iii). Pulse duration 1.01-3.0 m sec.(iv).Pulse interval 1.1-1.4 sec (v).peak current 7.0-8 A-high CRI Certified.(vi).3 year warranty against manufacturing defects.

31. കരാറുകാരൻ **BOQ** പ്രകാരമുള്ള എല്ലാ സാമഗ്രികളും/ജോലികളും നിർവഹിക്കേണ്ടതുണ്ട്. ചില ഇനങ്ങൾ/ജോലികൾ മാത്രം കോട്ട് ചെയ്യുന്ന ടെൻഡറുകൾ സ്വീകരിക്കുന്നതല്ല. അടിയന്തിര സാഹചര്യത്തിൽ ഇക്കാര്യത്തിൽ തീരുമാനം കൈകൊള്ളുന്നതിന് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.

32. ബില്ല് സമർപ്പിക്കുന്നതിന് മുൻപ് വിതരണം ചെയ്യുന്ന ഉപകരണങ്ങൾക്ക് ഗ്യാരണ്ടി/വാറണ്ടി-എന്നിവ ഉറപ്പ് നൽകുന്ന രേഖകൾ/**Quality tested Certificate** എന്നിവ സമർപ്പിക്കേണ്ടതാണ്.

33. ഒരു അംഗീകൃത സർക്കാർ ഏജൻസിയിൽ നിന്നോ സ്ഥാപനത്തിൽ നിന്നോ ലഭ്യമാക്കിയ മെറ്റീരിയൽ ടെസ്റ്റിംഗ് സർട്ടിഫിക്കറ്റുകളും (പോസ്റ്റുകൾ, വയറുകൾ എന്നിവയുടെ) ബില്ലുകൾക്കൊപ്പം ബില്ലുകൾ പ്രോസസ്സ് ചെയ്യുന്നതിന് കരാറുകാരൻ സമർപ്പിക്കേണ്ടതാണ്.

34. **G.O (P)No.60/2020/PWD dated 04.08.2020** എന്ന ഉത്തരവ് പ്രകാരമുള്ള എല്ലാ നിബന്ധനകളും പാലിക്കേണ്ടതാണ്. **(Standard bidding document)**

35. **G.O (Rt)No.5536/2024/Fin dated 17.07.2024** എന്ന ഉത്തരവ് പ്രകാരമുള്ള എല്ലാ നിബന്ധനകളും പാലിക്കേണ്ടതാണ്. **(Approval of Revised Estimate works awarded at tender deficit)**

കൂടുതൽ വിവരങ്ങൾ തൃശൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ നിന്നോ (ഫോൺ **04872-361268**), പട്ടിക്കാട് റെയിഞ്ച് ഫോറസ്റ്റാഫീസിൽ നിന്നോ (ഫോൺ 04872-283620), പ്രവൃത്തി ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്.

**മാർട്ടിൻ ലോവൽ.കെ.ജെ ഐ.എഫ്.എസ്.**
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
തൃശൂർ
(കേരളാ ഗവർണർക്കു വേണ്ടി)

**KERALA FOREST AND WILDLIFE DEPARTMENT**

**THRISSUR FOREST DIVISION**

**E-TENDER NOTIFICATION**

**KFDDO/39893/2026 -DFOTSR/TA6** **09.07.2026**

The Divisional Forest Officer, Thrissur Forest Division for and on behalf of the Governor of Kerala invites online tenders from registered contractors having registration in PWD/Forest Department for the following works. Tender documents and tender schedule may be downloaded free of cost from the e.GP website *www.etenders.kerala.gov.in*.All bid/tender documents are to be submitted online only in the designated online cover (s) on the *www.etenders.kerala.gov.in*.website. Bids shall be accepted only through online mode *www.etenders.kerala.gov.in*.website and tenders submitted manually/ through post will not be accepted.

Details of the tenders are furnished below:

| Sl .No. | Tender No. | Name of work | Tender amount | BOQ Amount( Excluding GST & LS Items) | E.M.D. (Rs.) | Cost of tender form (Rs.) | Period for completion |
|---|---|---|---|---|---|---|---|
| 1 | 14 /2026-27 | Supply of solar fencing materials of 2 line solar fencing 12 KM from Palakkunnu to Vallur under Mannamangalam Forest Station for preventing man animal conflict in Pattikkad Range during 2026-27 | **1035691** | **877704** | **25892** | 2500+18% GST | 1 month |

Tender documents can be downloaded from the website *www.etenders.kerala.gov.in* .

| | | |
|---|---|---|
| Date from which the tender forms will be available in the website | : | 09.07.2026 |
| Last Date and time of submission of tender | : | 17.07.2026 till 4.00 pm |
| Date and time of opening of tender | : | 20.07.2026 at 11.00 am |

If the tender not taken by anyone the date of the tender will be extended as follows

| | | |
|---|---|---|
| Last Date and time of submission of tender | : | 21.07.2026 till 4.00 pm |
| Date and time of opening of tender | : | 23.07.2026 at 11.00 am |
| Last Date and time of submission of tender | : | 23.07.2026 till 4.00 pm |
| Date and time of opening of tender | : | 25.07.2026 at 11.00 am |

The e-tender should be accompanied by a signed Preliminary Agreement on Government of Kerala stamp paper of Rs. 200/- , PAN Card , GST Registration Certificate , e-payment form , copy of Registration Certificate attested by Gazetted Officer and tender documents. Tenders not submitted in this manner and not submitted through Speed Post Registered Post before opening of their original tenders will be rejected. Other information related to e-tender can be obtained from NIC , e-tenders help desk mentioned on the website www.etenders.kerala.gov.in or from this office during office hours. The information required for e-payment (details of bank account with core banking facility and e-mail address of the contractor ) should be submitted along with the tender. Bids that do not include this information will be rejected. The Forest Department will not be responsible for any inconvenience or loss caused by the contractor uploading the information.

All the existing auction conditions and PWD tender conditions shall be applicable to the e-tender. The undersigned authority and superior have full authority to cancel any work in the said tender without prior notice. The successful bidder shall sign the contract along with a security deposit of 5 % of the contract price within 7 days from the date of notification of acceptance of the tender on a stamp paper for the amount as fixed by the Government from time to time. If the tender date is declared a holiday for any reason, the tender will be held on the next working day at the same time and place.

**Conditions**

1. The tenderer shall be bound by G.O.(MS) No.141/2021/F&WLD dated 06.05.2021, all Forest Department tender orders, the Kerala Forest Act, 1961 and the Wildlife (Protection) Act, 1972.

2. The tender shall be opened by the Divisional Forest Officer, Thrissur, or an officer authorized by him, in the presence of the tenderers or their authorized representatives.

3. A tender form issued in the name of a person shall be used only by that person and only for the work for which it was issued.

4. Before submitting the tender, the tenderer shall acquaint himself with the draft agreement and tender conditions. No plea of ignorance or complaint regarding the conditions shall be entertained later.

5. Tenderers shall inspect the site and understand the nature of the work/supply before quoting rates. No enhancement of rates shall be allowed thereafter.

6. Rates shall be entered both in figures and words. In case of discrepancy, the lower rate shall prevail. If the quoted rate is more than 25% below the estimate amount, an Additional Performance Guarantee equal to 10% of the contract amount shall be furnished.

7. Applications received after the prescribed date and time or without the required documents shall not be considered.

8. Any corrections in the tender shall be duly initialled by the tenderer.

9. Part 1 of the tenders received in due time will be opened by the Divisional Forest Officer or his deputy at his office on the date and time mentioned above in the presence of such of the tenderers present on that occasion.

10. Part-II tenders (price bid) of the tenderers whose Part-I tenders have been accepted only will be opened subsequently. The time and place of opening of the Part II tenders will be announced immediately on the acceptance of the Part I tender.

11. Normally the lowest tender shall be accepted. However, the competent authority reserves the right to accept or reject any tender without assigning reasons. Contractors with poor past performance may be disqualified even if they quote the lowest rate.

12. Withdrawal of an offer within three months from the date of opening of the tender shall not be permitted.

13. DFO shall have the authority to reject tenders submitted by any firm or individual that has previously undertaken similar fencing works but failed to complete them on time, thereby causing financial loss to the government—even if the quoted rate is the lowest.

14. The successful tenderer shall execute the agreement within seven days of acceptance and furnish a Security Deposit equal to 5% of the contract value. Failure shall result in forfeiture of EMD and other recoveries as per law.

15. Security Deposit shall be released only after successful completion of the work and production of a liability-free certificate from the competent officer. GO (P) No.161/2019/Fin dated 25.11.2019.

16. The successful tenderer shall furnish an undertaking that the properties included in the solvency certificate will not be sold, mortgaged or transferred.

17. Post-offers or complaints received after submission of tenders shall not be entertained.

18. EMD of unsuccessful tenderers shall be refunded after completion of the tender process.

19. Quantities shown in the schedule are approximate and may vary during execution.

20. Payment shall be made in instalments after satisfactory completion of work and submission of bills and GST invoices, subject to availability of funds.

21. If the work is not satisfactory, payments may be withheld partly or fully until rectification and completion.

22. The Divisional Forest Officer reserves the right to reduce quantities, cancel items, or include additional items as required. Additional items shall be paid as per applicable schedule rates.

23. If implementation through the contractor is found impracticable, the Forest Department reserves the right to adopt alternative methods of execution.

24. All taxes in force on the date of tender shall be applicable.

25. All conditions contained in the online tender document shall be strictly complied with.

26. The bidding firm shall produce documentary evidence of experience in solar power fencing works/supplies. Preference will be given to firms having three years or more experience.

27. The bidding firm shall possess a valid ISO 9001 Certificate.

28. The bidding firm shall have adequate technical staff for installation, replacement and maintenance services and for timely redressed of complaints.

29. Documentary proof of the above qualifications and eligibility criteria shall be uploaded online.

30. The Energizer supplied shall be from a reputed company and conform to BIS Standard 302-2-76 and all applicable safety standards; it shall have high/low power settings, solar charging facility for a 12V battery, peak output voltage not exceeding 10 kV on 50 kΩ load, minimum output energy of 3.5 Joules, pulse duration 1.01–3.0 milliseconds, pulse interval 1.1–1.4 seconds, peak current 7–8 A CRI certification and a minimum three-year warranty against manufacturing defects.

31. The contractor shall supply all materials and execute all works included in the BOQ. Tenders quoting only selected items may be rejected.

32. Before submission of bills, warranty/guarantee documents and quality-test certificates from government approved agency for the supplied equipment shall be produced.

33. Contractor shall submit the material testing certificates (for posts and wires) from a certified Govt. agency or Institution and the certificate from electrical inspectorate along with the bills before processing the bills

34. All provisions of G.O. (P) No.60/2020/PWD dated 04.08.2020 (Standard Bidding Document) shall be complied with.

35. All provisions of G.O. (Rt) No.5536/2024/Fin dated 17.07.2024 regarding approval of revised estimate works awarded at tender deficit shall be complied with.

Further details can be available from Divisional Forest office, Thrissur Telephone No: 04872-361268 and the Pattikad Range Forest Office (Phone 04872-283620) on working days.

Divisional Forest Office,

Thrissur

**K J Martin Lowel IFS**

Divisional Forest Officer, Thrissur

(For and on behalf of the Governor of Kerala)